# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3210

19-06-2019 ൽ മറുപടിയ്ക്ക്

## വെളിയന്നൂർ ചല്ലിയിൽ കർഷകർക്കുണ്ടായ നഷ്ടം

**ചോദ്യം**

ശ്രീ.കെ. ദാസൻ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | കൊയിലാണ്ടി മണ്ഡലത്തിലെ വെളിയന്നൂർ ചല്ലിയിൽ കൃഷിയിറക്കിയതുമായി ബന്ധപ്പെട്ട് കർഷകർക്കുണ്ടായ നഷ്ടം വകുപ്പ് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയുടെ നഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്; വിശദമാക്കാമോ ; | (എ) | ഉണ്ട്. 14,87,500/- (പതിനാല് ലക്ഷത്തി എൺപത്തിയേഴായിരത്തി അഞ്ഞൂറുരൂപ മാത്രം) രൂപയുടെ നഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്. |
| (ബി) | സാങ്കേതിക തടസ്സങ്ങൾ തീർപ്പാക്കി പ്രസ്തുത തുക കർഷകർക്ക് അനുവദിച്ച് നൽകുന്നതിനുള്ള എന്തെല്ലാം നടപടികളാണ് വകുപ്പ് കൈക്കൊണ്ടിട്ടുള്ളത്; വ്യക്തമാക്കാമോ; | (ബി) & (സി) | കൃഷി വകുപ്പ് ഉദ്യോഗസ്ഥർ കൃഷി സ്ഥലം പരിശോധിച്ച് നാശനഷ്ടം തിട്ടപ്പെടുത്തി ആനുകൂല്യം ലഭിക്കുന്നതിന് ക്ലെയിം സമർപ്പിച്ചു. വെളിയന്നൂർ ചല്ലിയിൽ കൃഷി ഇറക്കിയതും വിള ഇൻഷ്വർ ചെയ്തതും പാടശേഖര സമിതിയുടെ പേരിലായതിനാൽ ഇതിൽ ഉൾപ്പെട്ട ഓരോ കർഷകന്റെയും കൃഷിഭൂമിയുടെ വിസ്തീർണ്ണവും സർവ്വേ നമ്പറും ബാങ്ക് അക്കൗണ്ട് വിവരങ്ങളും നൽകിയാൽ മാത്രമേ ഓരോ കർഷകന്റെയും അക്കൗണ്ടിലേക്ക് നഷ്ടപരിഹാര തുക നൽകുവാൻ സാധിക്കുകയുള്ളൂ. എന്നാൽ, വെളിയന്നൂർ ചല്ലിയിൽ 4 പാടശേഖര സമിതികളുടെ നേതൃത്വത്തിൽ കൂട്ടായി കൃഷി ചെയ്യുകയായിരുന്നു. ഓരോ കർഷകന്റെയും കൈവശഭൂമിയും സർവ്വേ നമ്പറും ലഭ്യമാക്കുവാൻ സാധിക്കാത്തതിനാൽ കൃഷി ചെയ്ത സ്ഥലത്തിന്റെ മൊത്തം സർവ്വേനമ്പറുകൾ വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തുകയാണുണ്ടായത്. ഓരോ കർഷകന്റേയും കൃഷി ചെയ്ത ഭൂമിയുടെ കൃത്യമായ വിസ്തീർണ്ണം ലഭ്യമാകുന്ന മുറയ്ക്ക് ആനുകൂല്യം കർഷകന്റെ അക്കൗണ്ടിലേക്ക് നൽകുന്നതാണ്. |
| (സി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ബഹു.മന്ത്രി നൽകിയ ഉറപ്പനുസരിച്ച് ധനസഹായം നൽകുന്നതിനുള്ള നടപടി തടസ്സപ്പെടുവാൻ എന്തെങ്കിലും കാരണങ്ങൾ ഉണ്ടോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ